"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനം - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 183/13 നമ്പർ കേസ് - ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2354/2024/LSGD** **തീയതി, തിരുവനന്തപുരം, 04-12-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.183/2013 നമ്പർ കേസിന്മേലുള്ള 22/02/2017 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി)നം. 32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 14/02/2024 തീയതിയിലെ DCTVM/11539/2023-K9 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28/02/2024 തീയതിയിലെ എ3/683/2023/ടിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 1727/3 (L.A. Re.Sy.No.1727/10)-ൽ ഉൾപ്പെട്ട 0.04 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 183/13 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,78,494/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലാ കളക്ടറുടെ പരാമർശം (3) നടപടിക്രമം പ്രകാരം മേൽ പരാമർശിത എൽ.എ.ആർ. കേസിലെ ബാലൻസ് വിധിക്കടത്തുക ബന്ധപ്പെട്ട കക്ഷിക്ക് നൽകണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി

തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 1727/3 (L.A. Re.Sy.No.1727/10)-ൽ ഉൾപ്പെട്ടതും ശ്രീ. പി. മാധവൻനായരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.04 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 183/13 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,78,494/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. പി. മാധവൻ നായർക്ക് (20, ടാഗോർ ഗാർഡൻസ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം 695 011) '4217-60-800-93 (Plan)' എന്ന ശീഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. പി. മാധവൻ നായർ, 20, ടാഗോർ ഗാർഡൻസ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം 695 011 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (WCD -3/139/2024/Fin dated 27/10/2024
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/128/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 04-12-2024 15:20:43
സെക്ഷൻ ഓഫീസർ